Talented Bankers Literary Panel
പുസ്തക പരിചയം 240

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
മട്ടാഞ്ചേരി ശാഖ.

മഴത്താളങ്ങൾ മുറുകുമ്പോൾ,
ബിന്ദു ജിജി.

*ഞാന് കവിതയെഴുതുകയല്ല; എന്റെ പ്രാവുകള്ക്ക് തീറ്റ കൊടുക്കുകയാണ്!*

കവിതയെഴുത്ത് ഒരു പത്തു മണി പ്രാർത്ഥനയാണ് ബിന്ദു എന്ന സ്കൂൾ ടീച്ചർക്ക്.
അക്ഷരങ്ങളെ സദാ കൊത്തിന്നുന്ന ഒരു അപൂർവ്വ ആത്മാവിന്നുടമയാണ് അവർ.

പവിത്രൻ തീക്കുനി മാഷിനോടുള്ള ശിഷ്യ ബന്ധമാണ് ഞങ്ങളെ തമ്മിൽ അടുപ്പിച്ചത്.
അതിപ്പോൾ ടീച്ചറുടെ കടിഞ്ഞൂല് പുസ്തകമായ *മഴത്താളങ്ങൾ മുറുകുമ്പോൾ* എന്നതിന് ആസ്വാദനം
എഴുതുന്നതില് എത്തിനിൽക്കുന്നു.

സ്വയം ബോധിപ്പിക്കുന്ന ,
ഉത്തേജിപ്പിക്കുന്ന കവിതകളാണ് ബഹുഭൂരിപക്ഷവും. ഒരു പ്രണയ കവിതയ്ക്കായി പുസ്തകവാലറ്റം വരെ കാത്തിരിക്കേണ്ടി വരും !

കുറ്റിപ്പുഴ, നാലാങ്കൽ കൃഷ്ണപിള്ളമാർ ഒക്കെ നടന്നുപോയ വഴികളുണ്ട് ;
അന്യംനിന്നുപോയ , കാടുപിടിച്ചുകടക്കുന്ന ആ വഴികള്
സ്വന്തം കവിതയുടെ കൊയ്ത്തരിവാളാല് വെട്ടിയെടുക്കുന്നൂ ടീച്ചർ.

വാത്സല്യ -ത്യാഗ ചഷകങ്ങളിലേക്ക് ഇടവിട്ടു ചുരത്തുന്ന ആകാശത്തിനു താഴെ ഇരുന്നാണ് ടീച്ചർ ആദ്യത്തെ കവിത എഴുതിയിരിക്കുന്നത്
:'കാൽവരിയിലേക്കുള്ള ദൂരം'

'പറന്നുയർന്ന പക്ഷി
അവശേഷിപ്പിച്ച തൂവലുകൾ
ഹൃദയനീഡത്തില് സീൽക്കാരങ്ങൾ ആകുമ്പോൾ'
'അകക്കണ്ണിലൊരു ആത്മരൂപം തെളിയുന്നു.'
അപൂർവ്വമായ ഒരു ആത്മധ്യാനമാണ് 'മഴത്താളങ്ങൾ ' എന്ന കവിത.

'എഴുത്തിനെ പ്രണയിക്കുന്നവളെ' എഴുതിയപ്പോൾ കവയത്രി സ്വയം
അറിയാതെ അല്‌മിത്ര ആയി മാറിയിട്ടുണ്ടാവണം.
'വിഭാദങ്ങൾ അവൾക്ക് രാസനീരാട്ടം ആകുന്നു .
സന്ധ്യ അവള്ക്ക് രണ്ടുആത്മാക്കളുടെ ചുംബനവും'
എന്നൊക്കെയുള്ള വരികളിലൂടെ അവർ വീഞ്ഞ് കടഞ്ഞെടുക്കുന്നുണ്ട്.
നമ്മൾ അതിനെയല്ല അത് നമ്മളെയാണ് പാനം ചെയ്യുന്നത് !

ഏറ്റവും കഠിനമായ ചോദ്യപേപ്പർ തയ്യാറാക്കുന്നത് മറ്റാരുമല്ല ഉദരമാണ്
എന്ന് ഹൃദയസ്പൃക്കായ ഭാഷയിൽ അറിയിക്കുന്നു 'നിരഞ്ജന എൻറെ
കുട്ടി'
'ഒടുവിൽ പിരിഞ്ഞ നാളില്
ഇതൻറെ അമ്മയെന്നോതി
കാൽതൊട്ടു വന്ദിച്ച് കടന്നു പോകുന്ന നേരം...'
അങ്ങിനെയുള്ളവർക്ക് കൂടി സമർപ്പിക്കാമായിരുന്നു
ഈ കവിതാസമാഹാരത്തെ.

'കീറി മുറിക്കപ്പെട്ടവളുടെ ഭാഷ '
ഭാഷ നമ്മെ എങ്ങനെ പതിയിരുന്ന് ആക്രമിച്ചേക്കാമെന്ന് കാട്ടിത്തരുന്നു
എങ്കിൽ കാലത്തിൻറെ ബ്ലാക്ക് ബോർഡിൽ എഴുതുന്ന കവിതയത്രേ
'കറുത്ത ചിരി'.

നേരത്തെ പറഞ്ഞതുപോലെ , അറുപത്- എഴുപതുകളിലെ
മഹാകാവ്യങ്ങളുടെ സൗകുമാര്യതയുടെ വയറുകളോട് ഒട്ടിക്കിടക്കാൻ
ഇഷ്ടപ്പെടുന്ന ഒരു കൂട്ടം കവിതകൾ ആണ്
ബഹുഭൂരിപക്ഷമെങ്കില്ത്തന്നെയും,
'ഉറുമ്പുകൾക്കും ദിനോസറുകൾക്കും മുൻപ്' എന്ന കവിത ഒരു റിബൽ
സ്വഭാവം കാണിക്കുന്നുണ്ട്. ഉഗ്രഫണമുയർത്തി മണ്ണിലേക്ക് ഇഴഞ്ഞു
വരുന്നത് നാഗത്താൻമാർ അല്ല മനുഷ്യ ദുര തന്നെയാണ്.

'ചീകിയൊതുക്കിയ നിദ്രയുടെ ആലസ്യങ്ങളിൽ' കാണാം
ആശ്രമത്തിലേക്ക് ചിറകടിച്ചെത്തുന്ന അരയന്നങ്ങളെ!

'ദിനാന്ത്യങ്ങളിലെ മിഴിവെട്ടങ്ങളിൽ' എത്തിച്ചേരുമ്പോൾ
കവിത അറിയാതെ' പൊട്ടുതൊടുനുണ്ട്: സംശയമുണ്ടെങ്കിൽ
'വിണ്ടകാലടികളുടെ നിറച്ചാർത്തുകളെ' എന്ന വരി വായിച്ചു നോക്കൂ!

ഋജുവായ ആഖ്യാനരീതിയെ കൈയൊഴിഞ്ഞ്,
'ഒന്നിക്കണം
, ജ്വലിക്കണം ജയിക്കണമെന്ന' ഉള്ളിൽ ഒളിപ്പിച്ചുവെച്ച
രഹസ്യ സന്ദേശത്തെ അനാവൃതമാക്കുന്നുണ്ട് 'അരികെ
നീയിരിക്കുമ്പോൾ'.

മറ്റൊരു വ്യത്യസ്ത കവിതയാണ് 'വീട് ഉറങ്ങുമ്പോൾ'.
മരണം മുദ്രവെച്ച വീട്; അതിൻറെ വെളുത്ത തുണിയാവരണം
ഇവിടെ അനാവൃതമാകുന്നു.

'പുഴുങ്ങിയെടുത്ത പലഹാരങ്ങളിൽ ഒന്നായി
തിളയ്ക്കുന്ന വേവുകലങ്ങളിലെ തിരയിളക്കങ്ങൾക്കിടയിലൂടെ
ഊളിയിടുകയാണ്' വേഷപ്പകർച്ചയിൽ കവി എങ്കിൽ,
'ആരും കാണാത്ത പേജ് ആയി മൺകൂനയിൽ അമർന്നപ്പോഴും'
'നഗരമധ്യത്തിലെ ശൂന്യമായ പിഞ്ചു പാദങ്ങളിലും'
ടീച്ചറുടെ കവിത ഇരുട്ട് എന്ന ഭീതി നിറച്ച ബലൂണിൻറ ചിറകു
വിടർത്തിപ്പറക്കുന്നു.

'നിറങ്ങൾ മങ്ങുമ്പോൾ'
എന്ന ചെമ്പരത്തിക്കവിത എഴുതിയപ്പോള് ടീച്ചർ ഒരു കുട്ടിയായി
മാറിയിട്ടുണ്ടാവണം.

പ്രണയം മടിച്ചുമടിച്ച് കടന്നുവരുന്ന രണ്ടു കവിതകൾകപ്പുറം
വീട്ടമ്മയുടെ മുഷിഞ്ഞ തുണിയുടുക്കുന്ന 'വാതിൽ തുറക്കുമ്പോൾ' എന്ന
കവിതയും
അവസാന പേജുകളെ സമൃദ്ധമാക്കുന്നു.

ഉർവരത ടീച്ചർക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു വാക്കാണ് എന്ന് തോന്നുന്നു.
പലപ്പോഴും ഇത് കടന്നുവരുന്നുണ്ട്.

ഏറ്റവും ശ്രദ്ധേയമായ വരവ് ഇതായിരുന്നു"
മൗനത്തിന്റെ കന്യാചർമ്മങ്ങളുടെ വേരറുത്ത്
ഉർവ്വരതയുടെ ഫലസഞ്ജീവനിയായി പെയ്തിറങ്ങിയപ്പോഴോ?'

ഗൃഹാതുരതയുടെ ദാഹം ശമിപ്പിക്കുന്നവരുടെ ദേവത
ഈ പുസ്തക ചില്ലുകൂട്ടിൽ തെളിമയോടെ പ്രതിഫലിച്ചിരിക്കുന്നു.
കാലിലും മനസ്സിലും തറയ്ക്കുന്ന മുള്ളുകളെ അത് നാവിൽനിന്ന്
പ്രാർത്ഥനയായി വീണ്ടെടുക്കുന്നു.

താരോജ്ജ്വലം ,
രാവോജ്ജ്വലം,
ഭാവോജ്ജ്വലം,
ജിജിതന് ആകാശം!

ഗ്രീൻ ബുക്സ്
Rs.135/-